ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ, ബി) ഉണ്ട്. ഡോക്ടർ ജേക്കബ് ജോൺ അഡ്വൈസർ, കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസസ് ചെയർമാനായ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

(1) ഡോ. മാത്യു തോമസ്,
സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.

(2) ഡോ. സുലേഖ,
ശിശുരോഗ വിഭാഗം മേധാവി, എസ്. എ. ടി. ആശുപത്രി, തിരുവനന്തപുരം.

(3) ഡോ. ശാരദ,
അസോസിയേറ്റ് പ്രൊഫസർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി, തിരുവനന്തപുരം.

(4) ഡോ. രാജ്മോഹൻ,
സൂപ്രണ്ട്, എസ്. എ. ടി. ആശുപത്രി, തിരുവനന്തപുരം.

(5) ഡോ. ജോസഫ്,
കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം.

(6) ഡോ. എൽ. എസ്. വൽസല,
പ്രൊഫസർ, പി. ഐ. ഇ. ഡി. സെൽ, മെഡിക്കൽ കോളേജ് ആശുപത്രി തിരുവനന്തപുരം.

(7) ഡോ. ഐഷാബീഗം.

(സി) എല്ലാ പകർച്ചവ്യാധികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) എല്ലാ പകർച്ചവ്യാധികളും നിയന്ത്രണവിധേയമായിക്കൊണ്ടിരിക്കുന്നു.

(ഇ) ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് തീവ്രയത്ന ശുചിത്വ പരിപാടികൾ, മാലിന്യ സംസ്കരണം, സ്പ്രെയിംഗ്, ഫോഗിംഗ്, കൂടാതെ ഫീവർ ക്ലിനിക്കുകളുടെ പ്രവർത്തനം, രോഗപ്രതിരോധ സംവിധാനങ്ങൾ ഊർജ്ജിതപ്പെടുത്തൽ തുടങ്ങിയ പരിപാടികളാണ് ഈ സമിതി സ്വീകരിച്ചിട്ടുള്ളത്.

ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ നടപടി

* 6 [857] ശ്രീ. എൻ. ശക്തൻ:
„ എൻ. ഡി. അപ്പച്ചൻ:
„ ജോർജ് ജെ. മാത്യു:
„ ഡൊമിനിക് പ്രസന്റേഷൻ:
„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത അവസ്ഥയുണ്ടോ;

(ഡി) സംസ്ഥാനത്ത് എത്ര ഡോക്ടർമാർ തൊഴിലില്ലാതെയുണ്ടെന്ന് പറയുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ചില വിഭാഗങ്ങളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത അവസ്ഥ ഉണ്ടായിരുന്നു. കരാർ വ്യവസ്ഥയിലൂടെയും ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി ഡോക്ടർമാർക്ക് പ്രൊമോഷൻ നൽകിയും ഈ അവസ്ഥ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിൻ കീഴിൽ ഗ്രാമപ്രദേശങ്ങളിലും പിന്നോക്കമേഖലകളിലും നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകളിൽ ജോലിചെയ്യാൻ ആളെ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെങ്കിലും പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ സ്ഥിരം നിയമനം നടത്താൻ കഴിയുന്നില്ല. ആയുർവേദ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത ഒരവസ്ഥയില്ല.

(ഡി) ഇതു സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല.

മെഡിക്കൽ കോളേജുകളിൽ ന്യൂക്ലിയർമെഡിസിൻ ലാബോറട്ടറികളിൽ നടത്തുന്ന ടെസ്റ്റുകൾക്ക് ചുമത്തുന്ന ഫീസ്

* 7 [858] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. സുജനപാൽ:
,, കെ. മോഹൻകുമാർ:
,, വി. ബാലറാം:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ന്യൂക്ലിയർമെഡിസിൻ ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ഡിപ്പാർട്ട്മെന്റിനോടനുബന്ധിച്ചുള്ള ലാബറട്ടറികളിൽ വിവിധ ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുക എത്ര വീതമാണ് എന്ന് പറയാമോ;

(സി) പ്രൈവറ്റ് ലാബറട്ടറികളിൽ ഇത്തരം ടെസ്റ്റുകൾക്ക് ചുമത്തുന്ന ഫീസ് എത്ര വീതമാണ്;

LIBRARY ARCHIVES Kerala Legislative Assembly